Sajeevan k c GHSS THARUVANA WAYANAD

പ്രമേയം 6

# ഭക്തി സൂഫി പാരമ്പര്യങ്ങൾ
# BHAKTHI SUFI TRADITIONS

1)എട്ടാം നൂറ്റാണ്ടിനും പതിനെട്ടാം നൂറ്റാണ്ടിനും മധ്യേയുള്ള കാലഘട്ടത്തിൽ മതവിശ്വാസങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും ഒരു സമന്വയം അഥവാ സംയോജനം നടക്കുകയുണ്ടായി, വിശദീകരിക്കുക

- എട്ടാം നൂറ്റാണ്ടിനും പതിനെട്ടാം നൂറ്റാണ്ടിനും മധ്യേയുള്ള കാലഘട്ടത്തിൽ മതവിശ്വാസങ്ങളുടേയും അനുഷ്ഠാനങ്ങ ളുടേയും ഒരു സമ ന്വ യം അഥവാ സംയോജനം നടക്കുകയുണ്ടായി.
- ശില്പകലയിലും ഗ്രന്ഥങ്ങളിലുംകാണുന്ന പലതരം ദൈവങ്ങളും ദേവതമാരും ഈ സമന്വയത്തിന്റെ ആവിഷ്കാരങ്ങളാണ്.
- പ്രധാന മൂർത്തികളായ വിഷ്ണു, ശിവൻ, ദേവി (ശക്തി) എന്നിവരുടെ ആരാധന തുടരുകയും വ്യാപിക്കുകയും ചെയ്തു .ഈ മൂർത്തികളെല്ലാം പല രൂപങ്ങളിൽ ചിത്രീകരിക്കപ്പെടുകയും ആരാധിക്കപ്പെടുകയും ചെയ്തു.
- ഈ സമന്വയം സംഭവിച്ചത് മുഖ്യമായും രണ്ടു പ്രക്രിയകളിലൂടെയായിരുന്നുവെന്ന് ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു.
- ബ്രാഹ്മണാശയങ്ങളുടെ പ്രചരണമാണ് ഒന്നാമത്തെപ്രക്രിയ .ലളിതമായ സംസ്കൃത ശ്ലോകങ്ങളിൽ പുരാണ ഗ്രന്ഥങ്ങൾ രചിക്കുകയും സമാഹരിക്കുകയും സംരക്ഷിക്കുകയും ചെയ്തുകൊണ്ടാണ് ബ്രാഹ്മണാശയങ്ങൾ പ്രചരിപ്പിക്കപ്പെട്ടത്.
- വൈദിക ജ്ഞാനത്തിൽ നിന്ന് പൊതുവെ ഒഴിവാക്കപ്പെട്ടിരുന്ന സ്ത്രീകൾക്കും ശൂദ്രന്മാർക്കും ഈ പുരാണ ഗ്രന്ഥങ്ങൾ പ്രാപ്യമായിരുന്നു.
- സ്ത്രീകൾ, ശൂദ്രർ, മറ്റു സാമൂഹ്യ വിഭാഗങ്ങൾ എന്നിവരുടെ വിശ്വാസങ്ങളുംഅനുഷ്ഠാനങ്ങളുംബ്രാഹ്മണന്മാരും സ്വീകരിക്കുകയുണ്ടായി. ഇതായിരുന്നു രണ്ടാമത്തെ പ്രകിയ.
- ആദ്യത്തെ പ്രക്രിയയിലൂടെ ബ്രാഹ്മണരുടെ ആശയങ്ങൾ സ്ത്രീകൾ, ശൂദ്രർ തുടങ്ങിയ വിഭാഗങ്ങളിൽ എത്തിച്ചേർന്നു. രണ്ടാമത്തെ പ്രക്രിയയിലൂടെ സ്ത്രീകൾ, ശൂദ്രർ തുടങ്ങിയവരുടെ ആശയങ്ങൾ ബ്രാഹ്മണരും സ്വീകരിച്ചു. ഇങ്ങനെയാണ് മതവിശ്വാസങ്ങളുടെ സമന്വയം നടന്നത്.
- വാസ്തവത്തിൽ,ഈ രണ്ടു പ്രക്രിയകളും തമ്മിലുള്ള തുടർച്ചയായ സംവാദത്തിലൂടെയാണ് പല വിശ്വാസങ്ങളുംഅനുഷ്ഠാനങ്ങളും രൂപപ്പെട്ടത്

2) ബൃഹദ് പാരമ്പര്യങ്ങളും ലഘു പാരമ്പര്യങ്ങളും എന്താണെന്ന് വിശദീകരിക്കുക ?

- ബൃഹത് പാരമ്പര്യങ്ങൾ, ലഘു പാരമ്പര്യങ്ങൾ എന്നീ പദങ്ങൾ കൊണ്ടു വന്നത് അമേരിക്കൻ സമൂഹശാസ് ത്ര ജ്ഞനായിരുന്ന റോബർട്ട് റെഡ്ഫീൽഡാണ് . കർഷക സമൂഹങ്ങളുടെ സാംസ്കാരിക അനുഷ്ഠാനങ്ങൾ വിശദീകരിക്കുന്നതിനുവേണ്ടിയാണ് അദ്ദേഹം ഈ പദങ്ങൾ ആവിഷ്കരിച്ചത്
- പുരോഹിതന്മാരും ഭരണാധികാരികളും ഉൾപ്പെടെയുള്ള സാമൂഹ്യ വിഭാഗങ്ങളിൽ നിന്ന് ഉയർന്നുവന്ന അനേകം ചടങ്ങുകളും ആചാരങ്ങളും കർഷകർ പിന്തുടരുന്നുണ്ടെന്ന് റെഡ്ഫീൽഡ് കണ്ടെത്തി. ഇവയെ അദ്ദേഹം ബൃഹത് പാരമ്പര്യങ്ങളിൽ ഉൾപ്പെടുത്തി. Prepared by SAJEEVAN K C

HSSLive.in

- ഈ ബൃഹത് പാരമ്പര്യങ്ങളുമായി ബന്ധമൊന്നുമില്ലാത്ത പ്രാദേശിക  അനുഷ്ഠാനങ്ങളും കർഷകർ പിന്തുടർന്നിരുന്നു .
- | ഈ പ്രക്രിയയുടെ ഏറ്റവും നല്ല ഉദാഹരണം ഒറീസ്സയിലെ പുരി ക്ഷേത്രത്തിൽ കാണാം. അവിടത്തെ പ്രധാന ആരാധനാ മൂർത്തി വിഷ്ണുദേവന്റെ മറ്റൊരു രൂപമായ ജഗന്നാഥനാണ്. ഈ മൂർത്തി വിഷ്ണുവിന്റെ മറ്റു രൂപങ്ങളിൽനിന്ന് തികച്ചും വ്യത്യസ്തമായ രീതിയിലാണ്ചിത്രീകരിക്കപ്പെട്ടിട്ടുള്ളത്
- അങ്ങനെ പുരിയിലെ ജഗന്നാഥനിൽ ബൃഹത്-ലഘു പാരമ്പര്യങ്ങളുടെ ഒരു സമന്വയം നമുക്ക് കാണാൻ കഴിയുന്നു,
- സമന്വയത്തിന്റെ ഇത്തരം ഉദാഹരണങ്ങള്
- ദേവിയാരാധനയിലും കാണാൻ കഴിയും.

3) താന്ത്രികാരാധന എന്നാൽ എന്താണ് ?

- താന്ത്രികാരാധന ദേവിമാരുടെ ആരാധനയുമായി ബന്ധപ്പെട്ടതാണ്.
- താന്ത്രികാനുഷ്ഠാനങ്ങൾ ഉപഭൂഖണ്ഡത്തിന്റെ പല ഭാഗങ്ങളിലും വ്യാപകമായി നിലനിന്നിരുന്നു. സ്ത്രീകൾക്കും പുരുഷന്മാർക്കും അവയിൽ പങ്കെടുക്കാമായിരുന്നു. ആചാരങ്ങൾ അനുഷ്ഠിക്കുമ്പോൾ ജാതിവ്യത്യാസങ്ങളും വർഗ്ഗ വ്യത്യാസങ്ങളും അവഗണിക്കപ്പെട്ടിരുന്നു.
- വൈദിക പാരമ്പര്യത്തിൻറെ ആരാധകരും താന്ത്രികാരാധനയെ പിന്തുണയ്ക്കുന്നവരും തമ്മിൽ അഭിപ്രായ വ്യത്യാസങ്ങൾ  ഉണ്ടായിട്ടുണ്ട്
- വൈദിക പാരമ്പര്യത്തിന്റെ അനുയായികൾ താന്ത്രികാനുഷ്ഠാനങ്ങളെ പലപ്പോഴും നിന്ദിക്കുകയും തള്ളിപ്പറയുകയും ചെയ്തു. യാഗാനുഷ്ഠാനം, മന്ത്രോച്ചാരണം എന്നിവയിലൂടെ മാത്രമെ ദൈവവുമായി ബന്ധപ്പെടാൻ കഴിയുകയുള്ളൂവെന്ന് അവർ വിശ്വസിച്ചു.
- എന്നാൽ താന്ത്രികാനുഷ്ഠാനങ്ങളുടെ അനുയായികൾ വേദങ്ങളുടെ ആധികാരികതയെ അവഗണിച്ചു
- തങ്ങളുടെ ഇഷ്ടദൈവത്തെ, ശിവനേയോ വിഷ്ണുവിനേയോ, പരമോന്നതമായി ഉയർത്തിപ്പിടിക്കാനാണ് അവർ ശ്രമിച്ചത്.

4) ആറാം നൂറ്റാണ്ടിൽ തമിഴ് നാട്ടിൽ ഉയർന്നുവന്ന ഭക്തി പ്രസ്ഥാനത്തിന് നേതൃത്വം നൽകിയത് ആഴ് വാർമാരും നായനാർമാരുമാണ് .വിശദീകരിക്കുക

- ആദ്യകാല ഭക്തി പ്രസ്ഥാനങ്ങളിൽചിലത് ഉത്ഭവിച്ചത്  തമിഴ് നാട്ടിലാണ് . ഇതിന്  നേതൃത്വം നൽകിയത് ആഴ് വാർമാരും നായനാർമാരുമാണ് .
- ആഴ്വാർമാർ വിഷ്ണുഭക്തരും നായനാർമാർ ശിവഭക്തരും ആയിരുന്നു.     Prepared by Sajeevan k c

Hsslive.in

- തങ്ങളുടെ ഇഷ്ടദൈവത്തെ പ്രകീർത്തിച്ചുകൊണ്ട് തമിഴിൽ രചിച്ച കീർത്തനങ്ങൾ ആലപിച്ച് അവർ ദേശങ്ങൾ തോറുംസഞ്ചരിച്ചു.
- ആഴ്വാർമാരും നായനാർമാരും അവരുടെ യാത്രകൾക്കിടയിൽ ചില പുണ്യ സങ്കേതങ്ങളെ അവരുടെ ഇഷ്ടദൈവങ്ങളുടെ ആവാസകേന്ദ്രമായി തിരിച്ചറിഞ്ഞു. ഈ വിശുദ്ധ സ്ഥലങ്ങളിൽ പിന്നീട് അവർ വലിയ ക്ഷേത്രങ്ങൾ പണിതുയർത്തി
- സാധാരണക്കാരുടെ ഭാഷയായിരുന്ന തമിഴിലാണ് (ചിലത് തെലുങ്കിലും ) അവർ കീർത്തനങ്ങൾ രചിച്ചത്.
- ജാതീയമായ അസമത്വങ്ങളെ അവർ എതിർത്തു. സ്ത്രീകളേയും കീഴ്ജാതിക്കാരേയും ഉൾക്കൊണ്ടു
- ഉദാഹരണത്തിന്, ആഴ്വാർമാരിൽ ആണ്ടാൾ എന്ന വനിതയും (ദക്ഷിണേന്ത്യയിലെ മീരാബായി എന്നറിപ്പെടുന്നു) തിരുപ്പാൻ എന്ന “അസ്പൃശ്യനും' വളരെ ശ്രദ്ധേയരായിരുന്നു.
- ആഴ് വാർമാരുടെ രചനകളുടെ സമാഹാരമായ "നാലായിര പ്രബന്ധം " തമിഴ് വേദമായാണ് അറിയപ്പെടുന്നത്

5)വീരശൈവന്മാർ ആരായിരുന്നു ?ബാസവണ്ണന് ഈ പ്രസ്ഥാനവുമായുള്ള ബന്ധമെന്ത് ?

- പന്ത്രണ്ടാം നൂറ്റാണ്ടിൽ കർണ്ണാടകത്തിൽ ഒരു പുതിയ ഭക്തി പ്രസ്ഥാനംഉയർന്നുവന്നു.വീരശൈവ പ്രസ്ഥാനം അഥവാ ലിംഗായത എന്ന പേരിൽ ഇതറിയപ്പെടുന്നു
- ബസവണ്ണ എന്ന ഒരു ബ്രാഹ്മണനാണ് ഇതിനു നേതൃത്വമേകിയത്
- ബസവണ്ണ തുടക്കത്തിൽ ഒരു ജൈനമത വിശ്വാസിയായിരുന്നു. . കടുത്ത അഭിപ്രായ വ്യത്യാസങ്ങളെ തുടർന്ന് ജൈനമതവുമായി തെറ്റി വീരശൈവ പ്രസ്ഥാനനത്തിന് രൂപം നൽകി.
- അദ്ദേഹത്തിന്റെ അനുയായികൾ വീരശൈവന്മാർ അഥവാ ലിംഗായതർ എന്നറിയപ്പെട്ടു.
- ശങ്കരന്റേയും രാമാനുജന്റേയും പ്രബോധനങ്ങളാണ് അവരുടെ തത്ത്വചിന്തയെ രൂപപ്പെടുത്തിയത്
- വീര ശൈവർ ശിവഭക്തരായിരുന്നു. ലിംഗരൂപത്തിലുള്ള ശിവനെയാണ് അവർ ആരാധിച്ചത്.
- ജംഗമയെ അഥവാ നാടോടികളായ സന്ന്യാസിമാരെയും അവർ ആരാധിച്ചിരുന്നു.
- ഭക്തന്മാർ അവരുടെ മരണശേഷം ശിവനിൽ ലയിക്കുമെന്നും ലോകത്തേയ്ക്ക് തിരിച്ചുവരില്ലെന്നും ലിംഗായതർ വിശ്വസിക്കുന്നു.
- അവർ ജാതിവ്യവസ്ഥയെ വെല്ലുവിളിച്ചു.
- ബ്രാഹ്മണർ ചില വിഭാഗങ്ങളിൽ ആരോപിക്കുന്ന "തീണ്ടലി" നെയും അവർ ശക്തമായെതിർത്തു.

Prepared by Sajeevan k c

Hssive.in

- പുനർജ്ജന്മ സിദ്ധാന്ത ത്തേയും അവർ ചോദ്യംചെയ്തു. ധർമ്മശാസ്ത്രങ്ങൾ നിരാകരിച്ച പ്രായപൂർത്തി വിവാഹത്തേയും വിധവാ വിവാഹത്തേയും ലിംഗായതർ പ്രോത്സാഹിപ്പിച്ചു.

6)ഇസ്ലാം മതത്തിന്റെ അഞ്ചു നെടുംതൂണുകൾ ഏതെല്ലാമാണ് ?

- അല്ലാഹുവല്ലാതെ മറ്റൊരു ദൈവമില്ല. പ്രവാചകനായ മുഹമ്മദ് അല്ലാഹുവിന്റെ സന്ദേശവാഹകനാണ്
- ദിവസത്തിൽ അഞ്ചു നേരം നിസ്കാരം
- സക്കാത്ത്
- റംസാൻ മാസത്തിലെ നോമ്പ്
- മെക്കയിലേക്കുള്ള തീർത്ഥാടനം

7) സൂഫിസം എന്നാൽ എന്താണ്? എന്തൊക്കെയാണ് അതിന്റെ സവിശേഷതകൾ ?

- ഇസ്ലാം മതത്തിനകത്ത് രൂപംകൊണ്ട ഒരു മിസ്റ്റിക് പ്രസ്ഥാനത്തെയാണ് സൂഫിസം എന്നുപറയുന്നത്.
- സൂഫിസം ഒരു പരിഷ്കരണ പ്രസ്ഥാനമായിരുന്നു. വിശുദ്ധ ഖുറാനിൽ നിന്നും പ്രവാചകൻ മുഹമ്മദ് നബിയുടെ ജീവിതത്തിൽ നിന്നും അവർ പ്രചോദനമുൾക്കൊണ്ടു.
- ദൈവത്തോടുള്ള തീവ്രമായ ഭക്തി, സ്നേഹം എന്നിവയിലൂടെ മോക്ഷംനേടുന്നതിന് അവർ പ്രാധാന്യം നൽകി.
- മോക്ഷത്തിനായി ദൈവത്തിന്റെ കല്പനകൾ അനുസരിക്കാനും പ്രവാചകനായ മുഹമ്മദിന്റെ മാതൃക പിന്തുടരാനും അവർ ആവശ്യപ്പെട്ടു.
- ആഘോഷങ്ങൾ നിരർത്ഥകമാണെന്ന് സൂഫികൾ പ്രഖ്യാപിച്ചു. ആശ്രമജീവിതം, ധ്യാനം, ലളിതജീവിതം എന്നിവയ്ക്ക് അവർ പ്രാധാന്യം നൽകി.

<u>സൂഫിസവും തസാവ്വുഫും</u>

- പത്തൊമ്പതാം നൂറ്റാണ്ടിലാണ് സൂഫിസമെന്ന ഇംഗ്ലീഷ് വാക്ക് ഉരുത്തിരിഞ്ഞത്. ഇസ്ലാമിക ഗ്രന്ഥങ്ങളിൽ സൂഫിസത്തിന് പകരം "തസാവ്വുഫ് "എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്.
- ചില പണ്ഡിതന്മാർ പറയുന്നത് പരുക്കൻ കമ്പിളി വസ്ത്രങ്ങൾ ധരിക്കുന്നതിനാൽ കമ്പിളിഎന്നർത്ഥം വരുന്ന "സൂഫ് "എന്ന വാക്കിൽ നിന്നാണ് സൂഫിസം ഉണ്ടായതെന്നാണ്.
- സംശുദ്ധം എന്നർത്ഥം വരുന്ന "സഫ "എന്ന വാക്കിൽ നിന്നാണ് ഇത് ഉത്ഭവിച്ചതെന്ന് മറ്റു ചിലർ പറയുന്നു.
- പ്രവാചകന്റെ ഏറ്റവുമടുത്ത അനുയായികൾ മതവിശ്വാസത്തെക്കുറിച്ച് പഠിക്കുന്നതിന് ഒത്തുചേർന്നിരുന്ന "സഫ "എന്ന വേദിയുടെ പേരിൽ നിന്നാണ് സൂഫിസംഎന്ന പദം രൂപം കൊണ്ടതെന്ന അഭിപ്രായവുമുണ്ട്.

<u>ദീനാശ്രമങ്ങളും സിൽസിലകളും</u>



HSSlive.in

- പതിനൊന്നാം നൂറ്റാണ്ടോടെ സൂഫിസം ഒരു സംഘടിത പ്രസ്ഥാനമായി മാറി .
- ദീനാശ്രമം എന്ന വിളിച്ചിരുന്ന ഒരു സ്ഥാപനത്തിനു ചുറ്റുമായി സൂഫികൾ സമുദായങ്ങളായി സംഘടിക്കാൻ തുടങ്ങി.
- സൂഫികളും അവരുടെ ശിക്ഷ്യന്മാരും താമസിച്ചിരുന്നത് ദീനാശ്രമങ്ങളിലാണ്
- ദീനാശ്രമം സൂഫിഅദ്ധ്യയനത്തിന്റേയും പ്രവർത്തനങ്ങളുടേയും ഒരു കേന്ദ്രം കൂടിയായിരുന്നു
- ദീനാശ്രമങ്ങൾ നിയന്ത്രിച്ചിരുന്നത് "ഷെയ്ക്ക് (അറബിയിൽ), പീർ, മൂർഷിദ് (പേർഷ്യൻ) എന്നെല്ലാം അറിയപ്പെട്ടിരുന്ന ഒരു അദ്ധ്യാപകനാണ്.
- ശിഷ്യന്മാർ "മുരിദുകൾ "എന്നാണറിയപ്പെട്ടിരുന്നത്. ഓരോ "പീറും" അദ്ദേഹത്തിന്റെ പിൻഗാമിയെ (ഖലീഫ) നാമനിർദ്ദേശം ചെയ്തിരുന്നു.
- "സിൽസില "എന്ന പദത്തിന്റെ വാച്യാർത്ഥം ചങ്ങല എന്നാണ്. അദ്ധ്യാപകനും ശിഷ്യനും തമ്മിലുള്ള ബന്ധത്തെ അതു സൂചിപ്പിക്കുന്നു.
- അനുചരന്മാർ സിൽസിലയുമായി ബന്ധിപ്പിക്കപ്പെടുന്നത് പ്രത്യേക പ്രവേശന ചടങ്ങുകളിലൂടെയാണ്. സിൽസിലയിൽ പ്രവേശിക്കപ്പെടുന്നവർ അതിനോടു കൂറു പുലർത്തിക്കൊണ്ടുള്ള ഒരു പ്രതിജ്ഞയെടുക്കുകയും, കണ്ടംവച്ച വസ്ത്രം ധരിക്കുകയും, ശിരസ്സിലെ രോമം മുണ്ഡനം ചെയ്യുകയും വേണമായിരുന്നു.
- അദ്ധ്യാപകൻ (ഷെയ്ക്ക്, പീർ, മുർഷിദ്) മരിച്ചു കഴിഞ്ഞാൽ അദ്ദേഹത്തിന്റെ ശവകുടീരം ഒരു പുണ്യസ്ഥാനവും അനുയായികളുടെ ആരാധനാ ക്രേന്ദവും ആയിത്തീരുന്നു. കാലക്രമത്തിൽ അദ്ദേഹത്തിന്റെ ശവകുടീരം ഒരു തീർത്ഥാടന ക്രേന്ദമായി (ziyarat) പരിണമിക്കുന്നു.

<u>ചിഷ്തി ദീനാശ്രമത്തിലെ ജീവിതം</u>

- ക്വാജ മുയ്നുദ്ദീൻ ചിഷ്തി യാണ് ഇന്ത്യയിലെ ചിഷ്തി സിൽ സിലയുടെ സ്ഥാപകൻ
- അജ്മീറിൽ അദ്ദേഹം സ്ഥാപിച്ച ദീനാശ്രമം പ്രസിദ്ധമായ ഒരു പുണ്യ കേന്ദ്രമായി തീർന്നു
- ദീനാശ്രമത്തിൽ ഒരു പൊതു അടുക്കള ഉണ്ടായിരുന്നു .അത് പാവങ്ങൾക്കുവേണ്ടിയാണ് നടത്തിയിരുന്നത്. ഷെയ്ക്കിനു മുന്നിൽ തലകുനിക്കുക, സന്ദർശകർക്ക് വെള്ളം കൊടുക്കുക, പുതിയ അംഗങ്ങളുടെ ശിരസ്സ് മുണ്ഡനം ചെയ്യുക,എന്നിവയായിരുന്നു ദീനാശ്രമത്തിലെ ആചാരങ്ങൾ. ഇവയിൽ പലതും പ്രാദേശിക പാരമ്പര്യങ്ങ ളിൽ നിന്നാണ് സ്വീകരിച്ചത്

<u>ചിഷ്തികളുടെ ആരാധനാക്രമം</u>

- ചിഷ്തികളുടെ ആരാധനാ രീതിയിൽ സിയാറത്ത്, ഖവാലി എന്നിവയ്ക്ക് ഒരു പ്രധാന സ്ഥാനമുണ്ട്
- സുഫി സന്ന്യാസിമാരുടെ ശവകുടീരങ്ങളിലേക്കുള്ള തീർത്ഥാടനത്തെയാണ് സിയാറത്ത് എന്നു പറയുന്നത്.



Hsslive.in

- ക്വാജ മുയ്നുദ്ദീന്റെ അജ്മീറിലുള്ള കബറിടം പ്രസിദ്ധമാകാനുള്ള പ്രധാന കാരണം അദ്ദേഹത്തിന്റെ ലാളിത്യവും ധർമ്മനിഷ്ഠയും, അദ്ദേഹത്തിന്റെ ആത്മീയ പിൻഗാമികളുടെ മാഹാത്മ്യവും, രാജകീയ സന്ദർശകരുടെ പ്രോത്സാഹനവുമാണ്.
- ഈ കബറിടം സന്ദർശിച്ച ആദ്യത്തെ സുൽത്താൻ മുഹമ്മദ് ബിൻ തുഗ്ലക്കാണ്.
- ഡൽഹിയേയും ഗുജറാത്തിനേയും ബന്ധിപ്പിക്കുന്ന വാണിജ്യ പാതയിലാണ് ഈ കബറിടം സ്ഥിതി

  ചെയ്തിരുന്നത്. അതിനാൽ ധാരാളം സഞ്ചാരികളെ അത് ആകർഷിച്ചു.
- സംഗീതവും നൃത്തവും സിയാറത്തിന്റെ ഒരു ഭാഗമായിരുന്നു .മിസ്റ്റിക് കീർത്തനങ്ങൾ ഇതിലുൾപ്പെട്ടിരുന്നു

ഭാഷയും ആശയവിനിമയവും

- ചിഷ്തികൾ വിനിമയത്തിനും രചനകൾക്കുമായി പ്രാദേശിക ഭാഷകളും ഭക്തി പാരമ്പര്യങ്ങളും സ്വീകരിച്ചു .
- ബാബാ ഫരീദിനെപ്പോലെയുള്ള മറ്റു സൂഫികൾ പ്രാദേശിക ഭാഷയിലാണ് കീർത്തനങ്ങൾ രചിച്ചത് .| ഇവ "ഗുരുഗ്രന്ഥസാഹിബിൽ" ഉൾപ്പെടുത്തിയിട്ടുണ്ട്.
- ചില സൂഫികൾ ദൈവത്തോടുള്ള സ്നേഹം പ്രകടിപ്പിക്കുന്നതിനായി മാനവ സ്നേഹത്തെ ഒരു പ്രതീകമായി ഉപയോഗിച്ചു കൊണ്ട് ദീർഘമായ കാവ്യങ്ങൾ അഥവാ മസ്നാവിസ് രചിക്കുകയുണ്ടായി.
- ഉദാഹരണത്തിന്, മാലിക് മുഹമ്മദ് ജെയ്സി രചിച്ച" പ്രേം-ആഖ്യാൻ -പദ് മാവത് " എന്ന കാവ്യം ചിറ്റോറിലെ രാജാവായ രത്നസെന്നും പദ്മിനിയും തമ്മിലുള്ള പ്രണയമാണ് ഇതിവൃത്തമായി സ്വീകരിച്ചിട്ടുള്ളത്
- കർണ്ണാടകത്തിലെ ബിജാപൂർ പട്ടണത്തിലും ചുറ്റുമായി ഒരു പ്രത്യേകതരം സൂഫി കവിത രചിക്കപെട്ടിരുന്നു .
- ഉർദുഭാഷയുടെ ഒരു രൂപാന്തരമായ ദക്കാനിയിൽ രചിക്കപ്പെട്ട മിനിക്കവിതകളാണ് ഇവ .
- 17 - 18 നൂറ്റാണ്ടുകളിൽ ഈ പ്രദേശത്ത് താമസിച്ചിരുന്ന ചിഷ്തി സൂഫിമാരാണ് ഈകവിതകളുടെ രചയിതാക്കൾ. ധാന്യം പൊടിക്കുമ്പോഴും നൂൽനൂൽക്കുമ്പോഴും സ്ത്രീകൾ ഈ കവിതകൾ ചൊല്ലിയിരുന്നു.
- താരാട്ടു പാട്ടുകൾ അഥവാ ലൂരിനാമ , വിവാഹ ഗാനങ്ങൾ അഥവാ ഷാദിനാമ എന്നിവയാണ് സൂഫികളുടെ മറ്റു രചനകൾ.

8) "സിമ്മി' എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത് ?

- " സിമ്മ " എന്ന അറബി പദത്തിൽ നിന്നാണ് " സിമ്മി "എന്ന വാക്കിന്റെ ഉത് ഭവം .
- സംരക്ഷണം എന്നാണ് ഈ പദത്തിന്റെ അർത്ഥം .മുസ്ലിം ഭരണത്തിൻ കീഴിൽ ജീവിച്ചിരുന്ന ജനങ്ങളെയാണ് സിമ്മികൾ എന്ന് വിളിക്കുന്നത് .

Prepared by Sajeevan k c

HSSlive.in

- ജൂതന്മാർ ക്രിസ്ത്യാനികൾ തുടങ്ങിയ അമുസ്ലിങ്ങളാണ്  ഇതിൽ ഉൾപ്പെട്ടിരുന്നത് .
- അവർ ജിസിയ എന്നൊരു നികുതി നൽകിയിരുന്നു .

9) ബാബ ഗുരു നാനാക്കിനെ കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക

- ബാബ ഗുരുനാനാക്ക് (1469-1539) പഞ്ചാബിലെ നാൻക സാഹിബ് എന്നൊരു ഗ്രാമത്തിലെ  ഹൈന്ദവ വ്യാപാരികുടുംബത്തിലാണ് ജനിച്ചത്.
- ഗുരുനാനാക്കിന്റെ സന്ദേശം അദ്ദേഹത്തിന്റെ പല കീർത്തനങ്ങളിലും സിദ്ധാന്തങ്ങളിലും ആവിഷ്കരിക്കപ്പെട്ടുണ്ട്. അദ്ദേഹം “നിർഗുണ ഭക്തി'യുടെ വക്താവായിരുന്നു.കബീറിനെപ്പോലെ നാനാക്കും ഏകദൈവാരാധനയ്ക്ക് ഊന്നൽ നൽകി.
- ബാഹ്യമായ മതാചാരങ്ങളിൽ അദ്ദേഹം വിശ്വസിച്ചിരുന്നില്ല. അതിനാൽ തന്റെ ചുറ്റും കണ്ട പല മതാചാരങ്ങളേയും അദ്ദേഹം തള്ളിപ്പറഞ്ഞു.
- യാഗങ്ങൾ, ആചാരപരമായ സ്നാനങ്ങൾ, വിഗ്രഹാരാധന. കഠിന നിഷ്ഠകൾ, ഹിന്ദുക്കളുടേയും മുസ്ലീംങ്ങളുടേയും പ്രാമാണിക ഗ്രന്ഥങ്ങൾ എന്നിവയെ നാനാക്ക് നിരാകരിച്ചു. ജാതി വ്യവസ്ഥയേയും അദ്ദേഹം നിരാകരിച്ചു.
- മതസഹിഷ്ണത, സാർവത്രിക സാഹോദര്യം എന്നിവ അദ്ദേഹം പ്രചരിപ്പിച്ചു.
- അദ്ദേഹത്തിന്റെ വീക്ഷണത്തിൽ പരമാത്മാവിന് അഥവാ “റബ്ബിന് ലിംഗഭേദമൊ രൂപമൊ ഇല്ല.
- ദൈവത്തിലേക്കെത്താനുള്ള ഒരു ലളിത മാർഗ്ഗം അദ്ദേഹം നിർദ്ദേശിച്ചു- ദിവ്യനാമം സ്മരിക്കുകയും ആവർത്തിച്ച് ഉരുവിടുകയും ചെയ്യുക.
- ഒരു പ്രാദേശിക ഭാഷയായ പഞ്ചാബിയിൽ ഗുരുനാനാക്ക് ധാരാളം കീർത്തനങ്ങൾ രചിച്ചു. ‘‘ഷബാദ്” എന്നറി യപ്പെട്ട ഈ കീർത്തനങ്ങളിലൂടെ അദ്ദേഹം തന്റെ ആശയങ്ങൾ പ്രകടിപ്പിച്ചു.
- ബാബ ഗുരുനാനാക്ക് അദ്ദേഹത്തിന്റെ അനുയായികളെ ഒരു സമുദായമായി സംഘടിപ്പിച്ചു. സംഘാരാധനയ്ക്കുള്ള  നിയമങ്ങളുംഅദ്ദേഹം രൂപീകരിച്ചു.
- ഗുരു നാനാക്ക് അദ്ദേഹത്തിന്റെ അനുയായികളിൽ ഒരാളായ അങ്കാദിനെ തന്റെപിൻഗാമിയായ 'ഗുരു''വായി നിയമിച്ചു.
- ബാബാ ഗുരുനാനാക്ക് പുതിയൊരു മതം സ്ഥാപിക്കാൻ ആഗ്രഹിച്ചിരുന്നില്ല. എങ്കിലുംഅദ്ദേഹത്തിന്റെ സിദ്ധാന്തങ്ങൾ പിൽക്കാലത്ത് സിക്കുമതത്തിന്റെ ഉത്ഭവത്തിന് വഴി തെളിയിച്ചു.
- അദ്ദേഹത്തിന്റെ മരണശേഷം അദ്ദേഹത്തിന്റെ പിൻഗാമികൾ അവരുടെ ആചാരാനുഷ്ഠാനങ്ങൾ ഏകോപിപ്പിക്കുകയും ഹിന്ദുക്കളിൽ നിന്നും മുസ്ലീങ്ങളിൽ നിന്നും വ്യത്യസ്തമായ ഒരു സമുദായമായിത്തീരുകയുംചെയ്തു



Hsslive.in

10) ഖൽസാ പാന്ഥിന് അടിത്തറയിട്ടതാരാണ്? ഇതിന്റെ അഞ്ച് ചിഹ്നങ്ങൾ ഏതെല്ലാമാണ്?

- ഗുരു ഗോവിന്ദ് സിംഗ് ഖൽസാ പാന്ഥിന് അടിത്തറയിട്ടു.അതിലെ അംഗങ്ങൾ അഞ്ച് പ്രതി രൂപങ്ങൾ ധരിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു
- കേശം (നീണ്ട മുടി )കൃപാൺ (കഠാര ) കം ഘ (ചീർപ്പ് ) കച്ച (വസ്ത്രം ) കരാ (ഉരുക്കു വള ). എന്നിവയാണവ .
- ഗുരു ഗോവിന്ദ് സിങ്ങിന്റെ കീഴിൽ സിക്ക് സമുദായം ഒരു സാമൂഹ്യ മത സൈനിക ശക്തിയായി മാറി

11) മീരാബായി ആരായിരുന്നു? അവരുടെ സംഭാവനകൾ വിലയിരുത്തുക

- ഭക്തിപാരമ്പര്യത്തിലെ ഏറ്റവും പ്രസിദ്ധയായ കവയത്രിയായിരുന്നു മീരാബായി . മീരാബായിയുടെ ജീവചരിത്രം പു നർനിർമ്മിച്ചിട്ടുള്ളത് അവരുടെ ഭജനകളിൽനിന്നാണ്.

- നൂറ്റാണ്ടുകളായി വാമൊഴിരൂപത്തിൽ അവ കൈമാറിപ്പോരുന്നു.
- മാർവാറിലെ മെർത്തയിൽ നിന്നുള്ള ഒരു രജപുത്ര രാജകുമാരിയായിരുന്ന മീരാബായി. അവർ വിഷ്ണുവിന്റെ അവതാരമായ കൃഷ്ണന്റെ ആരാധികയായിരുന്നു.
- അവർ കൊട്ടാരജീവിതം അവസാനിപ്പിച്ച് നാടോടിയായ ഒരു ഗായികയായി ജീവിക്കാൻ തുട ങ്ങി
- അവർ രചിച്ചകാവ്യങ്ങൾ തീവ്രമായ വൈകാരിക ആവിഷ്കാരങ്ങളാൽ ശ്രദ്ധേയമാണ്.
- മീരാബായിയുടെ ഗുരു ഒരു തുകൽപ്പണിക്കാരനായ രാംദാസ് ആയിരുന്നുവെന്ന് പാരമ്പര്യങ്ങൾ പറയുന്നു. അവർ ജാതി സമൂഹത്തിന്റെ നിയമങ്ങൾ ലംഘിച്ചിരുന്നുവെന്ന് ഇതു സൂചിപ്പിക്കുന്നു.
- മീരാബായിക്ക് അനുയായികളുടെ ഒരു വിഭാഗമോ സംഘമോ ഉണ്ടായിരുന്നില്ല. എന്നിട്ടും നൂറ്റാണ്ടുകളോളം പ്രചോദനത്തിന്റെ ഒരു ഉറവിടമായി അവർ അംഗീകരിക്കപ്പെട്ടു.
- മിരാബായി ധാരാളം ഭജനകൾ രചിച്ചിരുന്നു. കൃഷ്ണനെ സംബോധന ചെയ്തുകൊണ്ടുള്ള ഭക്തിഗാനങ്ങളായിരുന്നു അവയെല്ലാം. അവരുടെ ഗാനങ്ങൾ ഗുജറാത്തിലേയും രാജസ്ഥാനിലേയും ജനങ്ങൾ ഇപ്പോഴുംആലപിക്കുന്നുണ്ട്.

12) കവികളായ സന്യാസിമാർക്കിടയിൽ കബീറിന് സമുന്നതമായ ഒരു സ്ഥാനമുണ്ട് .വിശദീകരിക്കുക

- കവികളായ സന്ന്യാസിമാർക്കിടയിൽ കബീറിന് (14-15 നൂറ്റാണ്ടുകൾ) സമുന്നതമായ ഒരു സ്ഥാനമുണ്ട്
  - കബീറിന്റെ രചനകളേയും പിൽക്കാലത്ത് തയ്യാറാക്കപ്പെട്ട ജീവചരിത്രങ്ങളെയും ആധാരമാക്കി

ചരിത്രകാരന്മാർ അദ്ദേഹത്തിന്റെ ജീവിതത്തേയും കാലഘട്ടത്തേയും പുനർനിർമ്മിച്ചിട്ടുണ്ട്.

prepared by Sajeevan k c

Hsslive.in

- കബീറിന്റേതാണെന്ന് കരുതപ്പെടുന്ന കീർത്തനങ്ങൾമൂന്ന് വ്യത്യസ്ത പാരമ്പര്യങ്ങളിലാണ് സമാഹരിക്കപ്പെടിട്ടുള്ളത് .
- വാരാണസിയിലെയും  ഉത്തർപ്രദേശിലേയും കബീർ പാന്ഥ് സംരക്ഷിച്ചിട്ടുള്ള “കബീർ ബിജക്”
- രാജസ്ഥാനിലെ പാന്ഥ് ശേഖരിച്ച് സംരക്ഷിച്ചിട്ടുള്ള കബീർ ഗ്രന്ഥാ വലി
- ആദി ഗ്രന്ഥാസാഹിബിൽ ഉൾപെടുത്തിയിട്ടുള്ള കബീറിന്റെ രചനകൾ
- കബീർ ഏക ദൈവാരാധനയിൽ വിശ്വസിച്ചു
- അദ്ദേഹം ഹിന്ദു-മുസ്ലീം ഐക്യത്തിനുവേണ്ടി നിലകൊണ്ടു.
- ജാതിവ്യവസ്ഥ, അയിത്തം എന്നിവയെ അദ്ദേഹം നിഷേധിച്ചു.

THANKS

PREPARED BY  SAJEEVAN K C  GHSS THARUVANA  WAYANAD

Hsslive.in